**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 701 — 04.03.2020-ൽ മറുപടിക്ക്

**പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ തസ്തികകൾ സൃഷ്ടിക്കൽ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ വാച്ച്മാൻമാരുടെ ജോലിഭാരം കണക്കിലെടുത്ത് പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ ഈ വാച്ച്മാൻമാരുടെ അധിക തസ്തിക സൃഷ്ടിച്ച് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയെങ്കിലും പട്ടികജാതി ഹോസ്റ്റലുകളിൽ ഇപ്പോഴും വാച്ച്മാൻമാർ 24 മണിക്കൂറും ജോലി ചെയ്യേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ പട്ടികജാതി ഹോസ്റ്റലുകളിലും അധിക തസ്തിക സൃഷ്ടിച്ച് വാച്ച്മാന്മാരുടെ ജോലിഭാരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ; | എ) | പട്ടികജാതി വികസന വകുപ്പിലെ വാച്ച്മാൻമാരുടെ ജോലി ഭാരം കുറയ്ക്കുന്നതിന് അധിക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) | പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ കുക്ക് തസ്തികയിൽ ജോലി ചെയ്യുന്നവർ 24 മണിക്കൂറും തുടർച്ചയായി ജോലി ചെയ്യേണ്ട സാഹചര്യം നിലവിലുള്ളതിനാൽ ഇവരുടെ ജോലിഭാരം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | ബി) | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| സി) | പട്ടികജാതി -പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ നിലവിൽ ഒരു പാർട്ട്ടൈം സ്വീപ്പറുടെ തസ്തിക മാത്രമുള്ളതിനാൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന ഹോസ്റ്റലുകളിൽ പാർട്ട്-ടൈം സ്വീപ്പർമാർക്ക് അധിക ജോലി ചെയ്യേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ ഇത്തരത്തിലുള്ള ഹോസ്റ്റലുകളിൽ പാർട്ട്-ടൈം സ്വീപ്പർ മാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | സി) | സ്വീപ്പിംഗ് ഏരിയയുടെ അടിസ്ഥാനത്തിൽ പാർട്ട്-ടൈം സ്വീപ്പർമാരുടെ അധിക തസ്തിക സൃഷ്ടിക്കേണ്ട താണോ എന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ